<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1114</u> <u>12-06-2024 - ൽ മറുപടിയ്ക്ക്</u>

## <u>വേങ്ങൂർ പഞ്ചായത്തിലെ മഞ്ഞപ്പിത്ത രോഗബാധ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ പഞ്ചായത്തിൽ ഇരുന്നൂറിലധികം ആളുകൾക്ക് മഞ്ഞപ്പിത്ത രോഗബാധ ഉണ്ടാകുകയും മൂന്നുപേർ മരണപ്പെടുകയും ചെയ്തത് ജലവിഭവ വകുപ്പ് വിതരണം ചെയ്ത ജലത്തിൽ നിന്നും രോഗം വ്യാപിച്ചതുമൂലമാണെന്ന ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ പഞ്ചായത്തിൽ മഞ്ഞപ്പിത്ത രോഗം ബാധിച്ചത് കേരള ജല അതോറിറ്റി വിതരണം ചെയ്ത ജലത്തിൽ നിന്നുമല്ല. രോഗവ്യാപനം അറിഞ്ഞതിനെ തുടർന്ന് ജല അതോറിറ്റിയുടെ വിതരണ ശൃംഖലകളിൽ വിവിധ വിഭാഗങ്ങൾ പരിശോധിച്ചതിൽ, വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിൽ നിന്നും 23.04.2024 ൽ ലഭിച്ച ടെസ്റ്റ് റിപ്പോർട്ട്, വേങ്ങൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള ചിറ (കുളം) യിൽ നിന്നാണ് ജലം ശേഖരിച്ചിരിക്കുന്നത്. ചിറയിലെ വെള്ളം കിണറ്റിൽ ശേഖരിച്ച് ക്ലോറിനേഷൻ ചെയ്താണ് വാട്ടർ അതോറിറ്റി ജല വിതരണം നടത്തുന്നത്. മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത ശേഷം കൂടുതൽ കരുതൽ നടപടി എന്ന നിലയിൽ സൂപ്പർ ക്ലോറിനേഷൻ നടത്തുകയും ടാങ്ക് വൃത്തിയാക്കുകയും ക്വാളിറ്റി വിഭാഗത്തിന്റെ സഹകരണത്തോടെ പതിവായി പരിശോധന നടത്തി വിതരണം ചെയ്യുന്ന വെള്ളത്തിൽ ക്ലോറിൻ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജല വിതരണ ശൃംഖലയുടെ വാലറ്റത്തിൽ, മതിയായ അളവിൽ ക്ലോറിൻ ഉണ്ടെന്ന് ഉറപ്പുവരുത്തുവാനും ജലസംഭരണികൾ നിശ്ചിതകാലയളവിൽ ശുദ്ധീകരിക്കുവാനും 21/05/2024-ാം തീയതിയിലെ സർക്കുലർ പ്രകാരം നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | ക്ലോറിനേഷൻ നടത്താതെ വിതരണം ചെയ്ത വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധിച്ചതിൽ നിന്നും അപകടകരമായ അളവിൽ രോഗാണുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരള വാട്ടർ അതോറിറ്റി ക്ലോറിനേഷൻ നടത്താതെ ജലവിതരണം നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റി വിതരണം ചെയ്ത വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധിച്ചതിൽ നിന്നും അപകടകരമായ അളവിൽ രോഗാണുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല. |
| (സി) | മഞ്ഞപ്പിത്ത രോഗം ബാധിച്ചവർക്കും രോഗം ബാധിച്ച് മരണപ്പെട്ടവർക്കും സർക്കാരിൽ നിന്നും സാമ്പത്തിക | (സി) | കേന്ദ്ര സർക്കാർ പുറപ്പെടുവിയ്ക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് "സ്പെസിഫിക് ഡിസാസ്റ്റർ" ആയി പ്രഖ്യാപിയ്ക്കുന്ന പകർച്ച |

| | | | |
|---|---|---|---|
| | സഹായം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | വ്യാധികൾക്കാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരമുള്ള ധന സഹായത്തിന് അർഹതയുള്ളത്. പ്രസ്തുത മാനദണ്ഡ പ്രകാരം മഞ്ഞപ്പിത്ത രോഗബാധയെ സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്റർ ആയി പ്രഖ്യാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരംധനസഹായം അനുവദിക്കുവാൻ നിർവ്വാഹമില്ല. മറ്റെന്തെങ്കിലും തരത്തിലുള്ള സഹായനിധി നൽകുവാൻ സാധിക്കുമോ എന്നുള്ളത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ